കേര കൃഷി വികസനത്തിനു് മുദാക്കൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1946 [3018] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര വികസനത്തിനുവേണ്ടി മുദാക്കൽ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിൽ നീക്കിവച്ച തുക എത്ര?

ഉത്തരം

(എ) കേര വികസനത്തിനുവേണ്ടി മുദാക്കൽ പഞ്ചായത്തിൽ മാത്രം ചെലവാക്കിയ തുകയുടെ കണക്കുകൾ പ്രത്യേകം ലഭ്യമല്ല. എന്നാൽ മുദാക്കൽ പഞ്ചായത്തും, ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും ചേർന്നുള്ള പ്രദേശത്തേക്കു് ആറ്റിങ്ങൽ കൃഷി വികസന ഓഫീസു വഴി കേര വികസനത്തിനുവേണ്ടി ഇതേവരെ കൃഷി വകുപ്പിൽനിന്നും 19,691 രൂപ (പത്തൊൻപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒന്നു്) ചെലവാക്കിയിട്ടുണ്ടു്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ മുദാക്കൽ പഞ്ചായത്തും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന പ്രദേശത്തേക്കു പ്രയോജനപ്പെടുത്താൻ 27,191 രൂപ (ഇരുപത്തി ഏഴായിരത്തി നൂറ്റി തൊണ്ണൂറ്റി ഒന്നു്) നീക്കിവച്ചിട്ടുണ്ടു്.

കേര കൃഷി വികസനത്തിനു് മടവൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1947 [3019] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി 1986-87-ൽ മടവൂർ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേയ്ക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്കു് നീക്കിവച്ചിട്ടുള്ള തുക എത്ര?

ഉത്തരം

(എ) പഞ്ചായത്തു തിരിച്ചു് പ്രത്യേക കണക്കു് ലഭ്യമല്ല. മടവൂർ പഞ്ചായത്തുൾപ്പെടുന്ന പള്ളിക്കൽ കൃഷി വികസന ഓഫീസിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകൾക്കായി 37,000 രൂപ ചെലവാക്കിയിട്ടുണ്ടു്.

(ബി) മടവൂർ പഞ്ചായത്തുകൂടി ഉൾപ്പെടുന്ന പള്ളിക്കൽ കൃഷി വികസന യൂണിറ്റിനുവേണ്ടി 43,000 രൂപ നീക്കിവച്ചിട്ടുണ്ടു്.

നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത

1948 [3020] ശ്രീ. എ.സി. ഷൺമുഖദാസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 1985-86 സാമ്പത്തിക വർഷത്തിലെ നാളികേര ഉൽപ്പാദനം എത്രയെന്നാണു് കണക്കാക്കിയിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly